# കേരള സർവകലാശാല

നം.പി.ആർ.99/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) ഫെബ്രുവരി/മാർച്ച് 2019 (സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ച്, മെക്കാനിക്കൽ സ്കീം – ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് മേയ് 15, 16 തീയതികളിൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തും ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ് കൊല്ലത്തും നടക്കുന്നതാണ്. വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് മൂന്ന് ദിവസം മുമ്പ് പരീക്ഷാകേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2019 മേയിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (രണ്ടു വർഷ കോഴ്സ്) പരീക്ഷയ്ക്ക് ഓൺലൈനായി പിഴ കൂടാതെ മേയ് 15 വരെയും 50 രൂപ പിഴയോടെ മേയ് 16 വരെയും 125 രൂപ പിഴയോടെ മേയ് 17 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം – 2013, 2014, 2015, 2016 അഡ്മിഷനുകൾ – സപ്ലിമെന്ററി പരീക്ഷകൾക്കുളള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ മേയ് 14 വരെയും 50 രൂപ പിഴയോടെ മേയ് 16 വരെയും 125 രൂപ പിഴയോടെ മേയ് 17 വരെയും അപേക്ഷിക്കാം.

2019 ജൂണിൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷകൾക്ക് പിഴ കൂടാതെ മേയ് 20 വരെയും 50 രൂപ പിഴയോടെ മേയ് 22 വരെയും 125 രൂപ പിഴ യോടെ മേയ് 24 വരെയും അപേക്ഷിക്കാം.

## പരീക്ഷാഫലം

2019 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ, തമിഴ്, ബിസിനസ് ഇക്കണോമിക്സ്, ഫിലോസഫി, സംസ്കൃതം (ജനറൽ), എച്ച്.ആർ.എം, എം.എസ്.ഡബ്ല്യൂ, എം.എം.സി.ജെ എന്നീ പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ.

2018 ആഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് കരിയർ റിലേറ്റഡ് ബി.സി.എ (2017 – റെഗുലർ, 2016 ഇംപ്രൂവ്മെന്റ്, 2015 സപ്ലിമെന്ററി, 2013 & 2014 സപ്ലിമെന്ററി) ഡിഗ്രി പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മേയ് 27 വരെ അപേക്ഷിക്കാം.

## സമ്പർക്ക ക്ലാസുകൾ

വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന നാലാം സെമസ്റ്റർ എം.എ, എം.എസ്.സി ക്ലാസുകൾ മേയ് 18 മുതൽ കാര്യവട്ടം, എസ്.ഡി.ഇ പാളയം, കൊല്ലം സെന്ററുകളിൽ ആരംഭിക്കുന്നതാണ്. കാര്യവട്ടം സെന്ററിലെ മൂന്നാം സെമസ്റ്റർ ബി.കോം ക്ലാസുകൾ മേയ് 11 മുതൽ ആരംഭിക്കുന്നതാണ്. 2017–19 എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ ഒന്നും രണ്ടും സെമസ്റ്റർ ഇന്റേണൽ മാർക്കുകൾ പ്രസിദ്ധീകരിച്ചു. പരാതികൾ 15 ദിവസത്തിനകം കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

## ഇന്റേണൽ മാർക്ക്

ഒന്നും രണ്ടും സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ (2017) ബാച്ചിന്റെ ഇന്റേണൽ മാർക്ക് www.ideku.net എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പരാതികൾ ഉള്ളവർ മെയ് 20നകം കോ-ഓർഡിനേറ്ററെ അറിയിക്കേണ്ടതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2019–20
## ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള 2019–20 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ (https://admissions.keralauniversity.ac.in) ആരംഭിച്ചു.

എല്ലാ കോളേജുകളിലേയും മെറിറ്റ് സീറ്റുകളിലേക്കും എസ്.സി/എസ്.ടി/ എസ്.ഇ.ബി.സി സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം

വഴിയായിരിക്കും അലോട്ട്മെന്റ്. കേരള സർവ്വകലാശാലയുടെ കീഴിൽ ബിരുദ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും (മാനേജ്മെന്റ്, കമ്മ്യൂണിറ്റി, ഭിന്ന ശേഷിയുള്ളവർ, തമിഴ് ഭാഷ ന്യൂനപക്ഷ വിഭാഗങ്ങൾ, ലക്ഷദ്വീപ് നിവാസികൾ, സ്പോർട്സ് ക്വാട്ട ഉൾപ്പടെ) ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കണം.

പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മൊബൈൽ ഫോൺ നമ്പറുകൾ പ്രവേശന നടപടികൾ അവസാനിക്കുന്നത് വരെ ഒരു കാരണവശാലും മാറ്റരുത്.

കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്ട്സ് ക്വാട്ട പ്രവേശനങ്ങൾ ഓൺലൈനായി നടത്തുന്നതാണ്. സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയിലെ സ്പോർട്ട്സ് കോളത്തിന് നേരെ 'യെസ് ' എന്ന് രേഖപ്പെടുത്തണം. സ്പോർട്ട്സ് ഇനം, ഏതു തലത്തിലെ നേട്ടമാണ് എന്നിവ സെലക്ട് ചെയ്തിരിക്കണം. സ്പോർട്ട്സ് നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുവാനും കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് അപേക്ഷിക്കുവാനും ഉള്ള വിശാദാംശങ്ങൾ പിന്നീട് നൽകുന്നതാണ്.

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴി മാത്രം അടയ്ക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.

സംശയനിവാരണത്തിന് എല്ലാ പ്രവർത്തി ദിവസങ്ങളിലും 8281883052, 8281883053 എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി, ഓരോ അലോട്ട്മെന്റുകളുടേയും തീയതി എന്നിവ പിന്നീട് വിജ്ഞാപനം ചെയ്യുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാല ആസ്ഥാനത്തേയ്ക്ക് അയയ്ക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് അതത് കോളേജുകളിൽ ഹാജരാക്കിയാൽ മതിയാകും.

2019 വർഷത്തെ കേരള ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷ പാസായ വിദ്യാർത്ഥികൾ അവരുടെ പേരും രജിസ്റ്റർ നമ്പരും ഓൺലൈൻ അപേക്ഷയിൽ ടൈപ്പ് ചെയ്യുമ്പോൾ തന്നെ അവർക്ക് വിവിധ വിഷയങ്ങൾക്ക് ലഭിച്ച മാർക്കുകൾ സ്വമേധയാ രേഖപ്പെടുത്തപ്പെടും. പുനർമൂല്യനിർണയം വഴിയോ മറ്റോ മാർക്കുകൾക്ക് മാറ്റം വന്നാൽ രജിസ്ട്രേഷൻ അവസാനിക്കുന്നതിന് മുൻപായി തിരുത്തുകൾ വരുത്തുവാൻ സാധിക്കും.

പ്രോസ്പെക്ടസ് വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടത്തുക. കൂടുതൽ വിവരങ്ങൾക്ക് **https://admissions.keralauniversity.ac.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പ്രത്യേക കുറിപ്പ് : എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

തിരുവനന്തപുരം,
10–05–2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098